












VISHNU SAHASRANAMA
KODI ARCHANA
UTTARA GURU
FROM
6.10.2025
TO 2.11.2025
ONE CRORE

# അദ്വൈതാചാര്യന്മാരും, ക്ഷേത്രാരാധനും

ആധ്യാത്മികാചാര്യൻ ഗുരുശ്രേഷ്ഠ ശ്രീ എ കെ ബി നായർ



## ശ്രീശങ്കരാചാര്യർ

അദ്വൈതാചാര്യനായ ആദിശങ്കരാചാര്യർ ക്ഷേത്രാരാധനയെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ആചാര്യസ്വാമികൾ തന്നെ വിഗ്രഹപ്രതിഷ്ഠകൾ നടത്തിയിട്ടുണ്ട്. ശ്രീശങ്കരൻ, ഭാരതത്തിലെ നിരവധി ക്ഷേത്രങ്ങളിൽ ക്ഷേത്രനിയമങ്ങൾ പാലിച്ചുകൊണ്ട് ആരാധന നടത്തിയിട്ടുണ്ട്. മണ്ഡനമിശ്രനുമായുള്ള സംവാദത്തിൽ ശ്രീശങ്കരൻ കർത്താവില്ലാതെ ഒന്നും ഉണ്ടാവുകയില്ലെന്നും, അതിനാൽ ഈ ജഗത്തിന് ഒരു കർത്താവുണ്ടാകണമെന്നും അതാണ് ഈശ്വരനെന്നും അഭിപ്രായപ്പെട്ടു. ഈശ്വരനെ അനുഭവവേദ്യമാക്കാൻ ധാരാളം സാധനാപദ്ധതികളുണ്ടെന്നും അതിലൊന്നാണ് ക്ഷേത്രാരാധനയെന്നും ആചാര്യസ്വാമികൾ വിശ്വസിച്ചിരുന്നു. തന്റെ ദിഗ്‌വിജയയാത്രയിൽ താൻ സന്ദർശിച്ച പ്രദേശങ്ങളിലെ ക്ഷേത്രങ്ങളിൽ പോയി ദർശനം നടത്തുക എന്നത് ആചാര്യസ്വാമികളുടെ പതിവായിരുന്നു. ഗോകർണ്ണത്തു ചെന്ന് സമുദ്രസ്നാനം നടത്തി ഗോകർണ്ണേശ്വരനെ (പരമേശ്വരനെ) വണങ്ങി അവിടെ മൂന്നു ദിവസം ശ്രീശങ്കരൻ താമസിച്ച് 'ഭുജംഗപ്രയാതം' എന്ന സ്തോത്രം രചിച്ചു എന്ന് ശങ്കരദിഗ്‌വിജയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രാമേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തിയ ഭാഷ്യകാരൻ കാഞ്ചിപുരത്തു ചെന്ന് അവിടെ ഒരു ദേവീക്ഷേത്രം ഭക്തന്മാരുടെ സഹകരണത്തോടെ നിർമ്മിച്ചു. തുടർന്ന് ആ ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ച ശേഷം ആചാര്യപാദർ നിത്യപൂജ നടത്തേണ്ട വിധത്തെപ്പറ്റി പൂജാരിമാർക്ക് നിർദ്ദേശം നൽകി. ഉജ്ജയിനി നഗരത്തിലെത്തിയ ശ്രീശങ്കരൻ പ്രസിദ്ധമായ മഹാകാളേശ്വരക്ഷേത്രത്തിൽ ചെന്ന് പ്രദക്ഷിണം ചെയ്ത് ശ്രീപരമേശ്വരനെ ദർശനം നടത്തിയ ശേഷമായിരുന്നു അവിടെയുള്ള മണ്ഡപത്തിലിരുന്ന് പ്രസിദ്ധ പണ്ഡിതനായ ഭട്ടഭാസ്കരനുമായി വാദപ്രതിവാദത്തിലേർപ്പെട്ടത്. വാദപ്രതിവാദത്തിൽ ഭട്ടഭാസ്കരൻ ശ്രീശങ്കരനോട് പരാജയപ്പെട്ടു. ഹിമാലയത്തിലുള്ള ബദരിനാഥ ക്ഷേത്രത്തിലെ നഷ്ടപ്പെട്ടുപോയ വിഗ്രഹത്തെ വീണ്ടെടുത്ത് പുനഃപ്രതിഷ്ഠ നടത്തി പൂജാവിധികൾ പുനരാവിഷ്ക്കരിച്ചത് കാലടീശനായിരുന്നു. മാത്രമല്ല, കേരളത്തിൽ നിന്ന് പൂജാരിയെ കൊണ്ടുവന്ന് ശാന്തികർമ്മത്തിനായി നിശ്ചയിച്ചത് ശ്രീശങ്കരനായിരുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ സ്വാമികൾ പലപ്പോഴായി ദർശനം നടത്തിയിരുന്നുവത്രെ. കാടാമ്പുഴ ദേവീക്ഷേത്രത്തിൽ കിരാതി സ്വരൂപിണി വിലയം പ്രാപിച്ച സ്ഥാനത്ത് ദേവിയെ സ്വയം ഭൂവായി സങ്കൽപിച്ച് ആരാധിക്കുവാനുള്ള ഉപദേശങ്ങൾ നൽകിയത് ശ്രീശങ്കരനായിരുന്നു. പൂമൂടൽ എന്ന ആരാധന അവിടെ ആരംഭിച്ചത് ആചാര്യസ്വാമികളുടെ നിർദ്ദേശത്തോടെയായിരുന്നു.

ശ്രീശങ്കരനെ കൊല്ലൂർ ശ്രീമൂകാംബിക ക്ഷേത്രവുമായി ബന്ധപ്പെടുത്തിയ ഒരു കഥയുണ്ട്. കാൽനടയായി സഞ്ചരിച്ച ശ്രീശങ്കരൻ ഒരിക്കൽ വളരെ ക്ഷീണിതനായി ഒരു അരയാൽ വൃക്ഷത്തണലിൽ കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ ഒരു വഴിപോക്കൻ സ്വാമിക്ക് ദാഹം തീർക്കാനായി ഒരു പാത്രം നിറയെ പാൽ ശേഖരിച്ച് സമീപത്തു വെച്ചു കടന്നുപോയി. ഉറക്കം ഉണർന്ന ശ്രീശങ്കരൻ തന്റെ അടുത്ത് ഒരു പാത്രം നിറയെ പാൽ ഇരിക്കുന്നതു കണ്ടു. സന്തോഷപൂർവ്വം അത് എടുത്തു കുടിക്കാനായി ശ്രമിച്ചപ്പോൾ കടുത്ത ക്ഷീണം കാരണം സാധിക്കാതെ വന്നു. പാല് എടുത്ത് കുടിക്കുവാനുള്ള ശക്തിപോലും തനിക്കില്ലല്ലോ എന്ന് പറഞ്ഞ് സ്വാമികൾ സങ്കടപ്പെട്ടു. ഈ സമയത്ത് അന്തരീക്ഷത്തിൽ സ്ത്രീ ശബ്ദത്തിൽ ഒരു അശരീരി ഉണ്ടായി. ശങ്കരന് എപ്പോഴാണ് ശക്തിയെപ്പറ്റി ബോധമുണ്ടായത്. സർവ്വം ശിവമയം എന്നല്ലെ ഇതുവരെ പറഞ്ഞത്" ഇതായിരുന്നു അശരീരി. ഇത് ശ്രവിച്ച ശ്രീശങ്കരന് അത് പരാശക്തിയുടെ മൊഴികളാണെന്ന് ബോദ്ധ്യപ്പെടുകയും, ശക്തിയാണ് പ്രപഞ്ചത്തെ പ്രവർത്തിപ്പിക്കുന്നതെന്നും മനസ്സിലാക്കുകയും ചെയ്തു. ഉടനെ അവിടെ വെച്ചുതന്നെ ആദിപരാശക്തിയെ പ്രകീർത്തിച്ചുകൊണ്ട് മനോഹരമായ ഒരു കാവ്യം രചിച്ചു. അതാണ് ലോക പ്രസിദ്ധമായ 'സൗന്ദര്യലഹരി'. സൗന്ദര്യലഹരി തന്നെ ഒരു തന്ത്രശാസ്ത്രമാണ്. ശക്തി ആരാധനയുടെ മാഹാത്മ്യത്തെ സൗന്ദര്യലഹരിയെന്ന തന്റെ കാവ്യത്തിലൂടെ ശ്രീശങ്കരൻ ലോകത്തിന് മനസ്സിലാക്കിക്കൊടുത്തു. മൂകാംബികയുടെ അനുഗ്രഹമാണ് ഇത്തരത്തിലൊരു മഹാകാവ്യം രചിക്കാൻ ശ്രീശങ്കരന് സാധിച്ചത്.

ശ്രീശങ്കരന്റെ കുടുംബപരദേവത ശ്രീകൃഷ്ണനായിരുന്നു. ആ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ കർമ്മം നിർവ്വഹിച്ചത് ആചാര്യപാദരായിരുന്നു. തന്റെ കുടുംബദേവതയെ അനുസ്മരിച്ചുകൊണ്ട് ആചാര്യർ "പ്രബോധനസുധാകര' ത്തിൽ അസ്മാകം ജയന്തി കുലദേവോയദുപതി" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്വൈത വേദാന്തം പ്രചരിപ്പിക്കുവാൻ വേണ്ടി ശ്രീശങ്കരൻ ഭാരതത്തിന്റെ നാലു ഭാഗത്ത് മഠങ്ങൾ സ്ഥാപിച്ചു. കിഴക്ക് പുരിയും, തെക്ക് ശൃംഗേരിയും, പടിഞ്ഞാറ് ദ്വാരകയും, വടക്ക് ബദരീനാഥും ആയിരുന്നു ആ മഠങ്ങൾ. ആദ്യം മഠം സ്ഥാപിച്ചത് ശൃംഗേരിയിലായിരുന്നു. കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരം നഗരത്തിൽ നിന്ന് ഏകദേശം 135 കി.മി. അകലെയായി വടക്ക് കിഴക്ക് ഭാഗത്ത് പശ്ചിമഘട്ട മലനിരകൾക്ക് സമീപം ഒഴുകുന്ന തുംഗാ നദിയുടെ തീരത്താണ് ശൃംഗേരിമഠം സ്ഥിതി ചെയ്യുന്നത്. ശ്രീശങ്കരൻ തന്നെയാണ് ആ സ്ഥലം തിരഞ്ഞെടുത്തത്. ആചാര്യപാദർ അവിടെ ഒരു പാറയിൽ ശ്രീചക്രം വരച്ച് ശ്രീശാരദാദേവിയുടെ ദാരു വിഗ്രഹം പ്രതിഷ്ഠിച്ചു. ശാരാദാദേവിയെ പൂജിച്ചതിനു ശേഷമാണ് മഠത്തിന്റെ നിർമ്മാണം ആരംഭിച്ചത്. നിത്യവും ശാരദാ ക്ഷേത്രത്തിൽ പൂജ കഴിച്ചതിനു ശേഷം വേണം വേദപഠനവും പ്രചരണവും നടത്തേണ്ടതെന്ന് തന്റെ ശിഷ്യന്മാരോട് ശ്രീശങ്കരൻ നിർദേശിച്ചു. ഭഗവദ്പാദരുടെ ഈ നിർദ്ദേശം ഇന്നും അക്ഷരംപ്രതി ശൃംഗേരി മഠാധിപതി അനുസരിച്ചുവരുന്നു. തന്റെ പ്രധാന ശിഷ്യന്മാരിലൊരാളായ സുരേശ്വര ആചാര്യയെയാണ് ശൃംഗേരി മഠാധിപതിയായി ശ്രീശങ്കരൻ അവരോധിച്ചത്. താൻ നിത്യവും ആരാധിച്ചു വന്നിരുന്ന ചുവന്ന കല്ല്

പതിച്ച സ്ഫടിക നിർമ്മിതമായ ശ്രീമഹാഗണപതി വിഗ്രഹവും ചന്ദ്രമൗലീശ്വര വിഗ്രഹവും പിന്നീട് ആചാര്യൻ സുരേശ്വരാചാര്യരെ ഏൽപ്പിച്ചു. വിഗ്രഹാരാധനയിൽ യാതൊരപാകതയും ശ്രീശങ്കരൻ ദർശിച്ചില്ല എന്നതിന്റെ ഉത്തമോദാഹരണങ്ങളാണ് ഇതെല്ലാം.

അദ്വൈതദർശനത്തിൽ ക്ഷേത്രാരധനക്ക് പ്രസക്തിയില്ല എന്ന ചില പണ്ഡിതരുടെ അഭിപ്രായം ശരിയല്ല എന്ന്, ശ്രീശങ്കരൻ ക്ഷേത്രാരാധനയോട് കാണിച്ച അതീവതാല്പര്യം വ്യക്തമാക്കുന്നു. നിരന്തരമായ സാധനയിലൂടെ സിദ്ധി ലഭിച്ച യോഗികൾക്ക് അത് തുടർന്ന് നിലനിർത്താനും സാധന അത്യാവശ്യമാണ്. സംഗീതത്തിൽ പ്രശസ്തി നേടിയ വാഗേയകാരന്മാർ തുടർന്നും സാധകം ചെയ്യുന്നതുപോലെയാണിത്. അതുപോലെ ജീവന്മുക്താവസ്ഥയിലെത്തിയവർക്കും അത് നിലനിർത്താൻ യോഗപരിശീലനവും, ധ്യാനപരിശീലനവും, ക്ഷേത്രോപാസനയും അത്യാവശ്യമാണ്. മറ്റ് മൂന്നു മഠങ്ങളിലും ദേവീദേവന്മാരുടെ വിഗ്രഹം ശ്രീശങ്കരൻ സ്ഥാപിച്ച് ക്ഷേത്രാരാധനയ്ക്ക് ഊന്നൽ നൽകി. ദ്വാരകാമഠത്തിലുള്ള ക്ഷേത്രത്തിലെ ദേവൻ സിദ്ധേശ്വരനും, ദേവി ഭദ്രകാളിയുമാണ്. ബദരികാശ്രമത്തിലെ ക്ഷേത്രത്തിൽ ശ്രീനാരായണനും പൂർണ്ണഗിരിയുമാണ് ദേവനും ദേവിയും. പുരിയിലെ ഗോവർദ്ധന മഠത്തിലെ ക്ഷേത്രത്തിലുള്ള പ്രതിഷ്ഠാമൂർത്തികൾ ശ്രീജഗന്നാഥനും, വിമലാ ദേവിയുമാണ്. ശൃംഗേരിയിലെ രാമേശ്വരക്ഷേത്രത്തിൽ ശ്രീശാരദാദേവിക്ക് പുറമേ വിഭാണ്ഡക മുനി ആരാധിച്ച ആദിവരാഹമൂർത്തിയുമുണ്ട്. ക്ഷേത്രാരാധന സമ്പ്രദായത്തിന് മറ്റു പല കാരണങ്ങളാൽ ക്ഷയം സംഭവിച്ചപ്പോൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പുനരുജ്ജീവിപ്പിച്ചത് വാസ്തവത്തിൽ ശ്രീശങ്കരനായിരുന്നു. ഭാരതത്തിലെ മിക്ക പ്രധാന ക്ഷേത്രങ്ങളിലും, തീർത്ഥസ്ഥാനങ്ങളിലും ശ്രീശങ്കരൻ കാൽനടയായി ചെന്ന് ദർശനം നടത്തിയിട്ടുണ്ട്. ഈ പ്രവർത്തിയിലൂടെ ക്ഷേത്രസംസ്കാരത്തിന്റെ അത്യാവശ്യകത ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തി ക്കൊടുക്കുകയാണ് ശ്രീശങ്കരഭഗദ്പാദർ ചെയ്തത്. ക്ഷേത്രാചാരങ്ങൾക്ക് അനുസൃതമായിട്ടുതന്നെ ക്ഷേത്രദർശനം നടത്തണമെന്ന കാര്യത്തിൽ ശ്രീശങ്കരന് നിർബന്ധവുമുണ്ടായിരുന്നു.

താന്ത്രികവിഷയങ്ങൾ പ്രതിപാദിക്കുന്ന പ്രപഞ്ചസാരതന്ത്ര എന്ന ഗ്രന്ഥം ശ്രീശങ്കനാണ് രചിച്ചത്. കൂടാതെ ദേവീദേവന്മാരെ പ്രകീർത്തിച്ചുകൊണ്ടുള്ള നിരവധി സ്തോത്രങ്ങളും ശ്രീശങ്കരൻ രചിച്ചിട്ടുണ്ട്. വിഷ്ണുസഹസ്രനാമത്തിന് ആചാര്യപാദർ ഭാഷ്യം രചിച്ചിരുന്നു. തന്റെ ജീവിതദൗത്യം ഭംഗിയായി നിർവ്വഹിച്ചതിനു ശേഷം കാശ്മീരിലെ ശാരദാക്ഷേത്രത്തിലുള്ള സർവ്വജ്ഞപീഠത്തിൽ ആസനസ്ഥനായ ആ യുഗ പുരുഷൻ കാലയവനികക്കുള്ളിൽ തിരോധാനം ചെയ്തു.

## ശ്രീരാമകൃഷ്ണ പരമഹംസനും ക്ഷേത്രാരാധനയും

ശ്രീരാമകൃഷ്ണ പരമഹംസൻ ക്ഷേത്രാരാധനയിലൂടെയാണ് ആത്മസാക്ഷാത്കാരം നേടിയത്. കൽക്കത്തയിലുള്ള ദക്ഷിണേശ്വരത്തിലെ കാളീക്ഷേത്രത്തിൽ ഒരു സാധാരണ പൂജാരിയായി ജീവിതമാരംഭിച്ച ഗദാധരൻ നിരന്തരമായി ക്ഷേത്രോപാസനയിലൂടെ കാളീമാതാവിന്റെ അനുഗ്രഹത്തിന് പാത്രമായി ശ്രീരാമകൃഷ്ണ പരമഹംസരെന്ന പേരിൽ ലോകപ്രസിദ്ധി നേടി. വിഗ്രഹാരാധനയെപ്പറ്റി പരമഹംസർ പറഞ്ഞ ചില വാക്യങ്ങൾ മായാവതിയിലെ അദ്വൈതാശ്രമം പ്രസിദ്ധീകരിച്ച "Short life of Sri Ramakrishna" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയത് താഴെ ഉദ്ധരിക്കുന്നു.

**"You see many stars at night in the sky. But find them not when the sun rises. Can you say that there are no stars in the heaven of day? So oh man, because you behold not God in the days of your ignorance, say not that there is no God"**

രാത്രികാലങ്ങളിൽ നിങ്ങൾ ധാരളം നക്ഷത്രങ്ങളെ ആകാശത്ത് കാണുന്നു. എന്നാൽ സൂര്യൻ ഉദിച്ച് ഉയരുന്നതോടുകൂടി ആ നക്ഷത്രങ്ങളെ കാണുന്നില്ല. അതുകൊണ്ട് പകൽ സമയത്ത് അവിടെ നക്ഷത്രങ്ങളില്ല എന്ന് പറയുവാൻ നിങ്ങൾക്ക് സാധിക്കുമോ? അതുപോലെ നിങ്ങളുടെ അജ്ഞാനകാലങ്ങളിൽ ഈശ്വരനില്ലാ എന്ന തോന്നൽ കൊണ്ടാണ് ദൈവമില്ല എന്ന് പറയുന്നത്.

**"God is formless and God is with form too, and He is which transcends both fom and formlessness. He alone can say what else He is.**

ദൈവം രൂപരഹിതനെന്നപോലെ രൂപസഹിതനുമാണ്. ദൈവം രൂപത്തെയും രൂപമില്ലായ്മയെയും അതിവർത്തിക്കുന്നവനാണ്. ദൈവത്തിനു മാത്രമേ ദൈവമെന്താണെന്ന് പറയുവാൻ സാധിക്കുകയുള്ളു

**"God with form is visible may which can touch Him as one does his dearest friend"**

രൂപസഹിതനായ ദൈവത്തെ ദർശിക്കാൻ സാധിക്കും. ദൈവത്തെ നമുക്ക് ആത്മാർത്ഥ സുഹൃത്തിനെപ്പോലെ സ്പർശിക്കുവാനും സാധിക്കും.

ക്ഷേത്രത്തിലെ ഒരു സാധാരണ പൂജാരി പരമഹംസനായി മാറിയെന്നത് ക്ഷേത്രാരാധനയുടെ സവിശേഷതയാണ്. നിരന്തരമായ ആരാധനയിലൂടെ. ശ്രീരാമകൃഷ്ണൻ കാളീമാതാവുമായി താദാത്മ്യം പ്രാപിച്ചു. കാളീ മാതാവിന്റെ അനുവാദത്തോടെ മാത്രമെ ശ്രീരാമകൃഷ്ണൻ ഏതൊരു കാര്യവും ചെയ്തിരുന്നുള്ളു. നിർവികല്പസമാധിയവസ്ഥയെ പ്രാപിച്ച പ്രസിദ്ധ അദ്വൈത വേദാന്തിയായ തോതാപുരി ശ്രീരാമകൃഷ്ണനെ കാണാൻ ഒരിക്കൽ ദക്ഷിണേശ്വരത്ത് എത്തി. ശ്രീരാമകൃഷ്ണന്റെ വിഗ്രഹാരാധനയിലുള്ള വിശ്വാസത്തോട് തോതാപുരിക്ക് പുച്ഛമാണ് തോന്നിയത്. അദ്വൈത വേദാന്തദർശനമാണ് ജീവിതലക്ഷ്യമാക്കേണ്ടതെന്നും അതിന്റെ തത്ത്വങ്ങൾ പറഞ്ഞു തരാമെന്നും തോതാപുരി പരമഹംസരോടു പറഞ്ഞു. അമ്മയുടെ അനുവാദം ലഭിച്ചാൽ താൻ വേദാന്തം പഠിക്കാമെന്ന് മറുപടി പറഞ്ഞ് ശ്രീരാമകൃഷ്ണൻ കാളിക്ഷേത്രത്തിലേക്ക് പോയി. അവിടെ ചെന്ന് അമ്മയുടെ (കാളിമാതാവ്) അനുവാദം വാങ്ങി തിരികെ

തോതാപുരിയുടെ അടുത്തു ചെന്ന് തനിക്ക് വേദാന്തം പഠിക്കാനുള്ള അനുവാദം അമ്മ നൽകിയതായി പറഞ്ഞു. മനസ്സിനെ ബാഹ്യവിഷയങ്ങളിൽ നിന്ന് പിൻവലിച്ച് ആത്മാവിൽ ലയിപ്പിക്കാൻ തോതാപുരി ശ്രീരാകൃഷ്ണനെ ഉപദേശിച്ചു. സ്വാമിജി വളരെ വേഗത്തിൽ തന്നെ മനസ്സിനെ ഏകാഗ്രമാക്കുവാൻ ശ്രമിച്ചുവെങ്കിലും അമ്മയൂടെ ആകർഷണവലയത്തിൽ നിന്ന് മനസ്സിനെ പിൻവലിക്കാൻ സാധിച്ചില്ല. ശ്രീരാമകൃഷ്ണൻ ഈ കാര്യം തോതാപുരിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മാതൃ സ്വരൂപത്തിനപ്പുറത്തേക്ക് മനസ്സിനെ കേന്ദ്രീകരിക്കാൻ അദ്ദേഹം പറഞ്ഞു. രാമകൃഷ്ണൻ വൈരാഗ്യബുദ്ധിയോടെ വീണ്ടും ശ്രമിച്ചപ്പോൾ അമ്മയുടെ രൂപവുമായി തന്മയീഭാവം പ്രാപിച്ച് സമാധിസ്ഥനായി തോതാപുരി ധ്യാനനിമഗ്നനായ രാമകൃഷ്ണനെ മുറിയിലാക്കി പുറത്തേക്കു പോയി. മൂന്നു ദിവസംങ്ങൾ കഴിഞ്ഞ് തോതാപുരി തിരിച്ചു വന്ന് മുറിയുടെ വാതിൽ തുറന്നു നോക്കിയപ്പോൾ അത്ഭുതസ്തബ്ധനായി. കാരണം താൻ പോകുമ്പേൾ ഉണ്ടായിരുന്ന അവസ്ഥയിൽ തന്നെ മൂന്നു ദിവസം കഴിഞ്ഞിട്ടും ശ്രീരാമകൃഷ്ണൻ നിശ്ചലാവസ്ഥയിൽ ഇരിക്കുന്നതായിരുന്നു. താൻ 40 കൊല്ലത്തെ നിരന്തരമായ പരിശീലനത്തിലൂടെ നേടിയ നിർവ്വികല്പസമാധി രാമകൃഷ്ണൻ അല്പസമയം കൊണ്ട് നേടിയത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ആദ്യം അത് വിശ്വസിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഉടനെ തന്നെ തോതാപുരി ശ്രീരാമകൃഷ്ണനെ പാരമാർത്ഥിക ലോകത്തിൽ നിന്ന് വ്യാവഹാരിക ലോകത്തിലേക്ക് മെല്ലെ കൊണ്ടുവന്നു. രാമകൃഷ്ണൻ കണ്ണ് തുറന്നപ്പോൾ കണ്ടത് തന്റെ മുൻപിൽ അത്ഭുതത്തോടെ നോക്കി നിൽക്കുന്ന തോതാപുരിയെയായിരുന്നു. മൂന്നു ദിവസത്തിലധികം ഒരേ സ്ഥലത്ത് തങ്ങാത്ത തോതാപുരി പതിനൊന്ന് മാസം ശ്രീരാമകൃഷ്ണനോടൊപ്പം കാളീക്ഷേത്രത്തിൽ താമസിച്ചു. ശ്രീരാമകൃഷ്ണനുമായുള്ള സഹവാസം തോതാപുരിയിലും മാനസികപരിവർത്തന മുണ്ടാക്കി. കാളിദേവിയിലുള്ള ശ്രീരാമകൃഷ്ന്റെ വിശ്വാസം അന്ധവിശ്വാസമായി തോന്നിയ തോതാപുരിക്ക് പിന്നീട് പരാശക്തിയായ കാളിയുടെ സാന്നിദ്ധ്യം മിഥ്യയല്ലെന്നു ബോദ്ധ്യമായി. ദക്ഷിണേശ്വരത്തെ തന്റെ താമസകാലത്ത് അദ്വൈത വേദാന്തിയായ തോതാപുരിക്ക് ബ്രഹ്മവും ശക്തിയും ഒന്നുതന്നെയാണെന്നും അത് ഏകത്വത്തിന്റെ രണ്ട് ഭാവങ്ങളാണെന്നും സ്വയം ബോദ്ധ്യപ്പെട്ടു. ഒരേ സമയം അവർ പരസ്പരം ഗുരുശിഷ്യന്മാരായി.

## സ്വാമി വിവേകാനന്ദനും, ക്ഷേത്രാരാധനയും

ചിക്കാഗോവിൽ വെച്ചു നടന്ന (11–9–1893) ലോകസർവ്വമത സമ്മേളനത്തിൽ ഹിന്ദുമതത്തെ പ്രതിനിധാനം ചെയ്ത് പ്രഭാഷണം നടത്തി ആഗോളപ്രശസ്തി നേടിയ അദ്വൈതാചാര്യനായ സ്വാമി വിവേകാനന്ദന് ക്ഷേത്രാരാധനയിൽ വിശ്വാസമുണ്ടായിരുന്നു. തന്റെ ഗുരുവായ ശ്രീരാകൃഷ്ണ പരമഹംസരിൽ നിന്നാണ് സ്വാമിജി ക്ഷേത്രാരാധനയുടെ മഹത്വം ഉൾക്കൊണ്ടത്. പരിവ്രാജകനായ സ്വാമി ഭാരതപര്യടന വേളയിൽ ദക്ഷിണേന്ത്യയിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. മൈസൂർ സന്ദർശനത്തിനു ശേഷം സ്വാമികൾ തീവണ്ടിമാർഗ്ഗം ഷൊർണൂരിൽ വന്നു. ആ കാലത്ത് ഷൊർണൂരിൽ നിന്ന് തൃശ്ശൂരിലേക്ക് റെയിൽ ഗതാഗതമുണ്ടായിരുന്നില്ല. അദ്ദേഹം ഷൊർണൂരിൽ നിന്ന് തൃശ്ശൂർ വരെ കാളവണ്ടിയിൽ യാത്രചെയ്യുകയും അവിടെ നിന്ന് കൊടുങ്ങല്ലൂരിലേക്ക് പോവുകയും ചെയ്തു. അവിടെ പ്രസിദ്ധമായ കാളീക്ഷേത്രമുണ്ടന്നു മനസ്സിലാക്കിയ സ്വാമിജി കാളീമാതാവിനെ (കൊടുങ്ങല്ലൂരമ്മ) ദർശിക്കാൻ ക്ഷേത്രത്തിലെത്തി. ദേവീ ദർശനം നടത്തിയ ശേഷം ക്ഷേത്രമുറ്റത്തുള്ള ഒരു അരയാൽ വൃക്ഷച്ചുവട്ടിൽ മൂന്നു ദിവസം ധ്യാനനിരതനായിരുന്നുവെന്ന് "The life of Swami Vivekananda" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് സ്വാമിയെ സന്ദർശിച്ചവരിൽ കൊടുങ്ങല്ലൂർ കോവിലകത്തെ കൊച്ചുണ്ണി തമ്പുരാനും, ഭട്ടൻ തമ്പുരാനുമുണ്ടായിരുന്നു. കോവിലകത്തെ ചില തമ്പുരാട്ടിമാർ തന്നോട് സംസ്കൃതത്തിൽ സംഭാഷണം നടത്തിയത് സ്വാമിജിയിൽ അത്ഭുതമുണ്ടാക്കി എന്ന് പ്രസ്തുത ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാമിജി പിന്നീട് തിരുവിതാംകൂർ വഴി കന്യാകുമാരിയിൽ ചെന്നു ദേവീക്ഷേത്രശ്രീകോവിലിനു മുന്നിൽ സാഷ്ടാംഗ പ്രണാമം നടത്തി. കന്യാകുമാരിക്കടുത്തുള്ള കടലിലെ പാറപ്പുറത്ത് കുറച്ചു ദിവസം ധ്യാനിച്ചതിനു ശേഷം സ്വാമിജി രാമേശ്വരത്തേക്കു പോയി ശ്രീരാമൻ പ്രതിഷ്ഠിച്ച ശിവലിംഗത്തെ ഭക്ത്യാദരപൂർവ്വം വന്ദച്ചു.

ഹിമാലയത്തിൽ സ്ഥിതി ചെയ്യുന്ന അമർനാഥ ക്ഷേത്രത്തിൽ സ്വാമി വിവേകാനന്ദൻ ശിവദർശനം നടത്തിയ രീതിയെപ്പെറ്റി സിസ്റ്റർ നിവേദിത തന്റെ ഡയറിയിൽ രേഖപ്പെടുത്തി യതിങ്ങനെയാണ്. 'സ്വാമി തന്റെ സഹയാത്രികരായ ശിഷ്യന്മാരെ മുന്നോട്ട് നടന്നു പോകാൻ പറഞ്ഞ് അമർനാഥ് ക്ഷേത്രത്തിനു മുൻപിലുള്ള ഒരു അരുവിയിൽ മുങ്ങിക്കുളിച്ച് ഈറൻ വസ്ത്രധാരിയായി ഗുഹാക്ഷേത്രത്തിലേക്കു ഏകനായി പ്രവേശിച്ചു. സ്വാമിജിയൂടെ ശരീരം കൊടും തണുപ്പുമൂലം വിറക്കുന്നുണ്ടായിരുന്നു. ശിവന്റെ ഹിമലിംഗത്തിനു മുന്നിൽ നിന്ന് സ്വാമിജി ഭക്തിപൂർവ്വം പ്രാർത്ഥിച്ചു. സ്വാമിജിയുടെ മുഖത്ത് ആ സമയത്ത് അസാധാരണമായ തേജസ്സുണ്ടായിരുന്നു. ആനന്ദബാഷ്പം കണ്ണുകളിലൂടെ ഒഴുകിയിരുന്നു. പ്രർത്ഥനക്കു ശേഷം ദണ്ഡനമസ്കാരം നടത്തി സ്വാമിജി ശിഷ്യന്മാരോട് തന്റെ ദർശനനാനുഭൂതിയെപ്പറ്റി ചുരുക്കം വാക്കുകഴിൽ ഇങ്ങനെ സൂചിപ്പിച്ചു. "സാക്ഷാൽ ശിവഭഗവാൻ തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഞാൻ ഒരിക്കലും ഇതിനു മുൻപ് ഇത്രയും ചൈതന്യമുള്ള വിഗ്രഹത്തെ ദർശിച്ചിട്ടില്ല. അത് വിഗ്രഹമല്ല, സാക്ഷാൽ പരമശിവൻ തന്നെയാണ് അമർനാഥൻ മരണത്തെ സ്വയം വരിക്കാനുള്ള കഴിവ് എനിക്ക് നൽകി."

കുട്ടിക്കാലത്ത് നരേന്ദ്രന്റെ (സ്വാമി വിവേകാനന്ദന്റെ പൂർവ്വാശ്രമത്തിലെ പേര്) ആഗ്രഹം ഒരു ശിവക്ഷേത്രത്തിൽ വെച്ച് മരിക്കണമെന്നായിരുന്നുവത്രെ. അമർനാഥ ക്ഷേത്രദർശനത്തിനു ശേഷം സ്വാമിജി പലപ്പോഴും ആ സംഭവത്തെപ്പറ്റി ശിഷ്യന്മാരോടു സംസാരിച്ചിരുന്നു.

കാശ്മീർ സന്ദർശന വേളയിൽ അവിടത്തെ പ്രസിദ്ധമായ